File No.FWLD-D2/302/2019-FWLD

# പതിനാലാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4485 — 13.11.2019 ന് മറുപടിയ്ക്ക്.

### വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമായി എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും എത്രപേർക്ക് മാരകമായി പരിക്കുപറ്റിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയമായി (വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടി ഉൾപ്പെടെ) 4 0 2 പേർക്ക് ജീവഹാനി സംഭവിക്കുകയും 2961 പേർക്ക് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്ക് പറ്റുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്കും, മാരകമായി പരിക്കപറ്റിയവർക്കുമായി ആകെ എത്ര രൂപ ആശ്വാസ ധനസഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; ഓരോന്നും പ്രത്യേകം പ്രത്യേകം വ്യക്തമാക്കുമോ; | (ബി) | ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് 768.35 ലക്ഷം രൂപയും പരിക്കുപറ്റിയവർക്ക് 820.39 ലക്ഷം രൂപയും ആശ്വാസ ധനസഹായം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആശ്വാസ ധനസഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും, വനത്തിനു പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്.<br><br>മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും, പരിക്കേൽക്കുന്നവർക്ക് 1 ലക്ഷം രൂപയും, പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചിലവായ മുഴുവൻ തുകയും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) നഷ്ടപരിഹാരമായി അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ